**വിവരാവകാശം/മറുപടി**

നം. D5-13498/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 07.11.2018.
Email - swdkerala@gmail.com
Phone : 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീമതി. ശ്രീദേവി റ്റി.,
തൊല്ലമ്പുറത്ത് ഹൗസ്,
കൊലന്ത, മാലൂർ,
കണ്ണൂർ - 670 631.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമ പ്രകാരം - മറുപടി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

വിവരാവകാശ നിയമ പ്രകാരം താങ്കളുടെ അപേക്ഷയിൻമേലുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ചോദ്യം 1) സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവുകൾ പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരന് പ്രൊമോഷനും പ്രൊബേഷനും അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇൻക്രിമെന്റുകൾ കാലാകാലങ്ങളിൽ ലഭിക്കുന്നതാണ്.

1. സ.ഉ.(പി) നം. 1/16/സാ.നീ.വ. തീയതി. 03.02.2016.
2. സ.ഉ.(പി) നം. 6/16/സാ.നീ.വ. തീയതി. 04.05.2016.

മേൽപ്പറഞ്ഞിട്ടുള്ള രണ്ട് ഉത്തരവുകളിൽ പ്രൊമോഷൻ, പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയെപ്പറ്റി വ്യക്തമാക്കുന്നു.

ചോദ്യം 2) സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരന് അടുത്ത ഒഴിവുകൾ വരികയാണെങ്കിൽ ആ ഒഴിവിലേയ്ക്ക് ആഗിരണം ചെയ്യുകയില്ല. നിയമനം ലഭിച്ച തസ്തികയിൽ തന്നെ സേവനം പൂർത്തിയാക്കി വിരമിക്കേണ്ടതാണ്. സ.ഉ.(പി) നം. 1/16/സാ.നീ.വ. തീയതി. 03.02.2016-ൽ ഇക്കാര്യം വ്യക്തമാക്കുന്നു.

AN

മേൽ മറുപടി തൃപ്തികരമല്ലായെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം അപ്പീൽ അധികാരിയ്ക്ക് താഴെപ്പറയുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**അഡീഷണൽ ഡയറക്ടർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം-33.**
**ഫോൺ - 0471-2306040**
**Email-swdkerala@gmail.com.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

AN